പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 42 — 10..6..2013-ലെ മറുപടിക്ക്

നൂറനാട് ലെപ്രസി സാനിട്ടോറിയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ആർ. രാജേഷ് | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യ മന്ത്രി) |
| എ) | നൂറനാട് ലെപ്രസി സാനട്ടോറിയത്തിന്റെ എത്ര ഏക്കർ സ്ഥലമാണ് ഐ.റ്റി.ബി.പി.ക്ക് കൈമാറുവാൻ തീരുമാനിച്ചിരിക്കുന്നത്; | എ) | 50 ഏക്കർ. |
| ബി) | ഐ.റ്റി.ബി.പി.ക്ക് കൈമാറുമ്പോൾ സർക്കാരുമായി ഉണ്ടാക്കിയിരിക്കുന്ന ധാരണകൾ എന്തൊക്കെ ; | ബി) സി) ഡി) & (ഇ) | ആലപ്പുഴ ജില്ലയിലെ നൂറനാട് ലെപ്രസി സാനിറ്റോറിയത്തിന് ഏകദേശം 145 ഏക്കർ സ്ഥലമാണ് കൈവശമുള്ളത്. ഐ.റ്റി.ബി.പി യുടെ ഒരു യൂണിറ്റ് ആരംഭിക്കാൻ ഇതിൽ നിന്നും 50 ഏക്കർ സ്ഥലം നൽകുവാൻ 23--2012 ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. പ്രസ്തുത യോഗത്തിലെ തീരുമാന പ്രകാരം ലെപ്രസി സാനിട്ടോറിയത്തിന്റെ ചുറ്റളവിലുള്ള 25 ഏക്കർ സ്ഥലം കണ്ടെത്താനും ആയത് സാനിട്ടോറിയത്തിനോട് ചേർക്കാനും ആലപ്പുഴ ജില്ലാ കളക്ടറോട് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ 20 ഏക്കർ സ്ഥലം ആശുപത്രിക്കും ക്വാർട്ടേഴ്സിനും ലഭ്യമാക്കാനും 71 ഏക്കർ സ്ഥലം ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസോ അതുപോലെ ആരോഗ്യ സേവന മേഖലയിലെ സ്ഥാപനങ്ങൾക്കോ വേണ്ടി ആരോഗ്യ വകുപ്പിൽ തന്നെ നിലനിർത്താനും ഇതിനായി ഒരു പ്ലാൻ തയ്യാറാക്കി സമർപ്പിക്കാനും ആലപ്പുഴ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ കളക്ടറുടെ റിപ്പോർട്ട് ഇതേവരെ ലഭ്യമായിട്ടില്ല. ആരോഗ്യ വകുപ്പിന് ആവശ്യമായിട്ടുള്ള സ്ഥലം മാറ്റി വച്ചുകൊണ്ടാണ് ഐ.റ്റി.ബി.പി.ക്ക് സ്ഥലം വിട്ടുനൽകാൻ തീരുമാനിച്ചിട്ടുള്ളത്. |
| സി) | ഐ.റ്റി.ബി.പി. യൂണിറ്റ് നിലവിൽ വന്നാൽ യൂണിറ്റിനു സമീപത്ത് സ്വകാര്യ വ്യക്തികൾക്ക് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ പ്രത്യേക വ്യവസ്ഥകളോ അനുവാദമോ ആവശ്യമുണ്ടോ; | | |
| ഡി) | പ്രസ്തുത വിഷയത്തിലെ പുതിയ കേന്ദ്ര നിയമത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | | |
| (ഇ) | ഐ.റ്റി.ബി.പി. യൂണിറ്റിന് ആവശ്യമായ സ്ഥലം കൈമാറുമ്പോൾ യൂണിറ്റിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് ഗുണകരമായി ഏതൊക്കെ പദ്ധതികളാണാരംഭിക്കുവാൻ തീരുമാനിച്ചിട്ടുള്ളത് ? | | |

സെക്ഷൻ ഓഫീസർ